**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 146** — **01-02-2023 - ൽ മറുപടിയ്ക്ക്**

**ജുഡീഷ്യൽ അന്വേഷണ കമ്മിഷനുകളുടെ നിയമനം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016 ജൂൺ മാസത്തിനു ശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര ജുഡീഷ്യൽ അന്വേഷണ കമ്മിഷനുകളെ നിയമിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | 2016 ജൂൺ മാസത്തിനു ശേഷം നാളിതുവരെ സംസ്ഥാനത്ത് ഏഴ് ജുഡീഷ്യൽ അന്വേഷണ കമ്മിഷനുകളെ നിയമിച്ചിട്ടുണ്ട്.<br><br>**1. ജസ്റ്റിസ് പി.എസ്.ഗോപിനാഥൻ ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ**<br><br>10.04.2016-ൽ കൊല്ലം ജില്ലയിൽ പരവൂർ പുറ്റിങ്ങൽ ദേവീക്ഷേത്രത്തിലെ വെടിക്കെട്ട് ദുരന്തത്തിലേക്ക് നയിച്ച സാഹചര്യങ്ങളേയും കാരണങ്ങളേയും കുറിച്ച് അന്വേഷിക്കുന്നതിനായി 1952 ലെ കമ്മീഷൻസ് ഓഫ് ഇൻക്വയറി ആക്ട് പ്രകാരം 13.02.2017 ലെ 32725/എസ്.എസ്.എ2/ 2016/ആഭ്യന്തരം നമ്പർ വിജ്ഞാപനത്തിലൂടെ ബഹു. ഹൈക്കോടതി മുൻ ജഡ്ജായ ജസ്റ്റിസ് ശ്രീ. പി.എസ്.ഗോപിനാഥനെ നിയമിച്ചു. കമ്മീഷന്റെ പ്രവർത്തനത്തിനായി ആകെ 1,07,82,661/- രൂപയാണ് ചെലവ്.<br><br>**2. ജസ്റ്റിസ് പി.എ. മുഹമ്മദ് ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ**<br><br>2016 ജൂലായ് 20-ാം തീയതി ബഹു. ഹൈക്കോടതിയുടെ മുമ്പിൽ അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിലുണ്ടായ സംഘർഷത്തെ തുടർന്നുണ്ടായ പോലീസ് ലാത്തിച്ചാർജിലേക്ക് നയിച്ച സംഭവങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനായി ജസ്റ്റിസ് (റിട്ട) ശ്രീ.പി.എ. മുഹമ്മദ് കമ്മീഷനെ 08.11.2016-ലെ 60903/എസ്.എസ്.എ2/ 2016/ ആഭ്യന്തരം വിജ്ഞാപന പ്രകാരം സർക്കാർ **നിയമിച്ചു. കമ്മീഷന്റെ പ്രവർത്തനത്തിനായി ആകെ 2,77,44,814/- രൂപ ചെലവ് ചെയ്തു.**<br><br>**3. ജഡ്ജ് പി.എസ്. ആന്റണി ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ** |

മംഗളം ടെലിവിഷൻ ചാനലിൽ 2017 മാർച്ച് 26-ന് സംപ്രേഷണം ചെയ്ത വാർത്തയെ സംബന്ധിച്ച് അന്വേഷിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജി ശ്രീ. പി. എസ്. ആന്റണിയെ അന്വേഷണ കമ്മീഷനായി 31.03.2017-ലെ സർക്കാർ വിജ്ഞാപനം നമ്പർ 29780/എസ്.എസ്.എ2/ 2017/ആഭ്യന്തരം പ്രകാരം സർക്കാർ നിയമിച്ചു. കമ്മീഷന്റെ പ്രവർത്തനത്തിനായി ആകെ 25,85,232/- രൂപ ചെലവായി.

**<u>4. ജസ്റ്റിസ് കെ.നാരായണക്കുറുപ്പ് ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ</u>**

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ പോലീസ് ഉദ്യോഗസ്ഥർ കസ്റ്റഡിയിലെടുത്ത 49 വയസ്സുള്ള രാജ്കുമാറിന്റെ ജുഡീഷ്യൽ കസ്റ്റഡി മരണത്തിലേക്ക് നയിച്ച സംഭവങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി ജസ്റ്റിസ് ശ്രീ. കെ. നാരായണ കുറുപ്പിനെ (റിട്ട. ഹൈക്കോർട്ട് ജഡ്ജ്) അന്വേഷണ കമ്മീഷനായി 06.07.2019 തീയതിയിലെ ആഭ്യന്തരം-എസ്.എസ്.എ2/172/2019-ആഭ്യന്തരം വിജ്ഞാപന പ്രകാരം സർക്കാർ നിയമിച്ചു. കമ്മീഷന്റെ പ്രവർത്തനത്തിനായി ആകെ 92,84,305/-രൂപ ചെലവഴിച്ചു.

**<u>5. ജഡ്ജ് പി.കെ.ഹനീഫ ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ</u>**

പാലക്കാട് വാളയാർ സ്റ്റേഷൻ പരിധിയിലെ ശെൽവപുരം അട്ടപ്പള്ളം എന്ന സ്ഥലത്ത് പതിമൂന്ന് വയസ്സും, ഒൻപതും വയസ്സുമുള്ള പെൺകുട്ടികൾ യഥാക്രമം 2017 ജനുവരി, മാർച്ച് മാസങ്ങളിൽ അസ്വാഭാവിക സാഹചര്യത്തിൽ മരണപ്പെട്ടത് അന്വേഷിക്കുന്നതിനായി 1952 – ലെ കമ്മീഷൻ ഓഫ് ഇൻക്വയറി ആക്ട് പ്രകാരം അന്വേഷണ കമ്മീഷനായി ശ്രീ. പി. കെ. ഹനീഫ (മുൻ ജില്ലാ ജഡ്ജി) യെ 25.11.2019 ആഭ്യന്തരം-എസ്.എസ്.എ2/278/2019-ആഭ്യന്തരം വിജ്ഞാപന പ്രകാരം **നിയമിച്ചു**. കമ്മീഷന്റെ പ്രവർത്തനത്തിനായി ആകെ 1,01,791/- രൂപ ചെലവായിട്ടുണ്ട്.

**<u>6. ജസ്റ്റിസ് സി.എൻ.രാമചന്ദ്രൻ നായർ ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ</u>**

**പോലീസ് വകുപ്പിന്റെ പർച്ചേയ്സുകൾക്കും, സേവനങ്ങൾ സ്വീകരിക്കുന്ന കരാറുകൾക്കും പ്രത്യേക മാനദണ്ഡങ്ങളും ചട്ടങ്ങളും രൂപീകരിക്കേണ്ട വിഷയം**

| | | | |
|---|---|---|---|
| | | | **സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ മുൻ ഹൈക്കോടതി ജഡ്ജി ശ്രീ. സി.എൻ.രാമചന്ദ്രൻ നായർ, (3 ബി, ഭവാനി അപ്പാർട്ട്മെന്റ്സ്, കുന്നുംപുറം, കാക്കനാട്, കൊച്ചി -682030) ചെയർമാനും, ശ്രീ.സുബ്രതാ ബിശ്വാസ് [മുൻ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എ.ബി. 287, സാൾട്ട് ലേക്ക്, വെസ്റ്റ് ബംഗാൾ], ശ്രീ.ജേക്കബ് പുന്നൂസ് [മുൻ സംസ്ഥാന പോലീസ് മേധാവി, 65 യമുന കോളനി, കുടപ്പനക്കുന്ന്, തിരുവനന്തപുരം-43] എന്നിവർ അംഗങ്ങളായുള്ള മൂന്നംഗ അന്വേഷണ കമ്മീഷൻ 07.03.2020 തീയതിയിലെ ആഭ്യന്തരം-എസ്.എസ്.എ 2/66/2020-ആഭ്യന്തരം നമ്പർ വിജ്ഞാപനത്തിലൂടെ നിയമിച്ചു. കമ്മീഷന്റെ പ്രവർത്തനത്തിനായി ആകെ 12,36,074/- രൂപ നാളിതു വരെ ചെലവായിട്ടുണ്ട്.**<br><br>**<u>7. ജസ്റ്റിസ് (റിട്ട.) വി.കെ.മോഹനൻ ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ</u>**<br><br>**വിവിധ കേന്ദ്ര ഏജൻസികൾ നടത്തി വരുന്ന അന്വേഷണങ്ങൾ വഴിമാറ്റുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കുന്നതിനായി ശ്രീ. വി.കെ. മോഹനനെ (റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി) അന്വേഷണ കമ്മീഷനായി 2021 മെയ് 7-ാം തീയതിയിലെ ആഭ്യന്തരം-എസ്.എസ്എ2/67/2021-ആഭ്യന്തരം (എസ്.ആർ.ഒ നം.389/2021) നമ്പർ വിജ്ഞാപനത്തിലൂടെ നിയമിച്ചു. കമ്മീഷന്റെ പ്രവർത്തനത്തിനായി ആകെ 83,76,489/- രൂപ നാളിതു വരെ ചെലവായിട്ടുണ്ട്.** |
| (ബി) | പ്രസ്തുത കമ്മീഷനുകളുടെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക എത്രയാണ്; വിശദമാക്കാമോ; | (ബി) | (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് |
| (സി) | ഇത്തരത്തിൽ നിയമിക്കപ്പെട്ട കമ്മീഷനുകൾ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | ജസ്റ്റിസ് (റിട്ട.) ശ്രീ.സി.എൻ.രാമചന്ദ്രൻ നായർ അന്വേഷണ കമ്മീഷൻ, ജസ്റ്റിസ് (റിട്ട.) ശ്രീ.വി.കെ.മോഹനൻ അന്വേഷണ കമ്മീഷൻ എന്നിവ ഒഴികെയുള്ള കമ്മീഷനുകളെല്ലാം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.<br><br>കമ്മീഷനുകൾ സമർപ്പിച്ച റിപ്പോർട്ടുകളിലെ ശുപാർശയിൻമേൽ സർക്കാർ നടപടി സ്വീകരിക്കുകയും ആക്ഷൻ ടേക്കൻ റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്തു വെയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ